LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ പെൻഷൻ പദ്ധതി

6 (*126) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) നിലവിൽ കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മുഖാന്തരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല. കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചർച്ചകൾ നടന്നുവരുന്നു.

(ബി) ആശ്രയ, എൻ.ആർ.എൽ.എം., ഇൻഷുറൻസ് പദ്ധതി, എൻ.യു.എൽ.എം., സ്ത്രീ പദവി സ്വയം പഠനം, ക്രെഡിറ്റ് ലിങ്കേജ്, റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ, സ്കിൽ ആന്റ് പ്ലേസ്മെന്റ്, ഇൻഡ്യൻ റെയിൽവേയുമായി സംയോജിച്ചുള്ള പാർക്കിംഗ് സംവിധാനം, കഫേ കുടുംബശ്രീ, പുനർജനി, മീഡിയാശ്രീ, റേ, ഐ.എച്ച്.എസ്.ഡി.പി., ബി.എസ്.യു.പി., ബഡ്സ്, ബാലസഭ, എസ്.റ്റി. പ്രോജക്ട് അട്ടപ്പാടി, ബി. ആർ.സി. തുടങ്ങിയവ കുടുംബശ്രീ നടപ്പിലാക്കിവരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മുഖാന്തരം നടപ്പാക്കാനുദ്ദേശിക്കുന്നത് മുൻവർഷങ്ങളിലെ പദ്ധതികൾക്കു പുറമേ സാഗരശ്രീ, ഇ.എൻ.എച്ച്.ജി.എസ്., ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് തുടങ്ങിയവയാണ്.

ശിശുക്ഷേമസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രഷുകൾ

7 (*127) ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമസമിതിയുടെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ക്രഷുകളിൽ നിലവിൽ നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാം ആണെന്നറിയിക്കുമോ ;

(ബി) ക്രഷ് പ്രവർത്തിക്കുന്നതിനായി സർക്കാരിൽ നിന്നും നൽകിവരുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഈ തുക ക്രഷിന്റെ നടത്തിപ്പിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ക്രഷുകളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ.മുനീർ) :

(എ) നിർദ്ധന കുടുംബങ്ങളിലെ ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളെ പരിചരിക്കുക എന്ന സേവനമാണ് നിലവിൽ ക്രെഷുകളിൽ നൽകിവരുന്നത്.

(ബി) സംസ്ഥാന സർക്കാരിൽനിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നില്ല.

(സി&ഡി) ബാധകമല്ല.

ഗ്രാമീണ മേഖലാ വികസന പദ്ധതികൾ

8 (*128) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly